"ഭരണഭാഷ - മാതൃഭാഷ"

നം.ക്യു.ഐ.പി.(2)/13419/2020/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 24/08/2020.
ഇ-മെയിൽ - supdtqip.dge@kerala.gov.in .

# സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - 2020-21 - കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കുമായി കോവിഡ് കാലത്തെ അനുഭവങ്ങളെ അടിസ്ഥാനമാക്കി നടത്തുന്ന ചിത്രരചന 'നേർക്കാഴ്ച' - പദ്ധതി നടപ്പിലാക്കുന്നത്- സംബന്ധിച്ച്.

സൂചന: 19.8.2020 ഉച്ചയ്ക്ക് രണ്ടു മണിക്ക് വീഡിയോ കോൺഫറൻസിംഗ് വഴി കൂടിയ 52-ാമത് കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി യോഗത്തിന്റെ തീരുമാനം.

മേൽസൂചന പ്രകാരം കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവർക്ക് കോവിഡ് കാലത്തെ പഠനാനുഭവങ്ങളെയും ജീവിതാനുഭവങ്ങളെയും അടിസ്ഥാനമാക്കി ചിത്രരചന (പെൻസിൽ ഡ്രായിംഗ്/വാട്ടർ കളർ/ഓയിൽ പെയിന്റിംഗ്) നടത്തുന്നതിനുള്ള 'നേർക്കാഴ്ച' എന്ന പദ്ധതിയ്ക്ക് ഈ ഓണക്കാലത്ത് തുടക്കം കുറിക്കണമെന്ന് തീരുമാനിച്ചിരിക്കുകയാണ്. ഒരു കുടുംബം മുഴുവൻ ഏറ്റെടുക്കാവുന്ന പരിപാടിയാണ് ഇത്. അധ്യാപകർക്കും ഇത് ഏറ്റെടുക്കാം. ജൂൺ 1 നു തുടങ്ങി കഴിഞ്ഞ രണ്ടര മാസക്കാലത്തെ ഡിജിറ്റൽ പഠനത്തിന്റെ പഠനാനുഭവങ്ങളും സമൂഹത്തിൽ കൊറോണ വൈറസിന്റെ വ്യാപനം മൂലമുണ്ടായ മാറ്റങ്ങളും ജീവിതാനുഭവങ്ങളും ഭാവി എന്താകും എന്നുള്ള ചിന്തകളും എല്ലാം ചിത്രത്തിൽ പകർത്താൻ ശ്രമിക്കാം എന്നതാണ് ഈ പദ്ധതിയുടെ ആശയം. കുടുംബാംഗങ്ങൾക്കും കുട്ടികൾക്കും അധ്യാപകർക്കും എല്ലാം ചിത്രങ്ങൾ വരയ്ക്കാം. ഇത്തരത്തിൽ വരയ്ക്കുന്ന ചിത്രങ്ങൾ സ്കൂൾ വിക്കിയിൽ അധ്യാപകർ മുഖേന അപ്‌ലോഡ് ചെയ്യാവുന്നതാണ്. ഈ ചിത്രങ്ങൾ വീടുകളിൽ ഫ്രെയിം ചെയ്ത് സൂക്ഷിക്കാനും നിർദ്ദേശം നൽകാവുന്നതാണ്. ഇത്തരം ചിത്രങ്ങൾ സമൂഹത്തിന് ഒരു സന്ദേശമായി മാറുന്നതിനും സാധിക്കും. ഈ വർഷത്തെ ഓണാഘോഷം പുതിയ തലത്തിലേക്ക് ഉയർത്തുന്ന തരത്തിൽ ഹൃദയതാളങ്ങൾ പങ്കുവയ്ക്കുന്ന ഒരു കുടുംബോത്സവമായി നേർക്കാഴ്ച മാറണം.

വീടുകളിൽ വരയ്ക്കുന്ന ചിത്രങ്ങൾ മൊബൈൽ ഫോണിൽ ഫോട്ടോയെടുത്തോ സ്കാൻ ചെയ്തോ കുട്ടികൾക്ക് ക്ലാസ് അധ്യാപകന് ലഭ്യമാക്കാം. ക്ലാസ് അധ്യാപകർക്കു

ലഭിക്കുന്ന മികച്ച സൃഷ്ടികൾ സ്കൂൾ ഗ്രൂപ്പിൽ പങ്കിടണം. അവയിൽ നിന്ന് മികച്ചവ SITC/HITC ക്ക് കൈമാറണം. SITC/HITC അവ സ്കൂൾ വിക്കിയിലേക്ക് പോസ്റ്റ് ചെയ്യണം.

'നേർക്കാഴ്ച' പദ്ധതി നടപ്പിലാക്കുന്നതിന് സ്കൂൾ, ബി.ആർ.സി എന്നിവയുടെ പങ്ക്.

- 'നേർക്കാഴ്ച' പദ്ധതിക്ക് വ്യാപകമായ പ്രചരണം നൽകണം.
- പ്രത്യേകം എസ്.ആർ.ജി യോഗങ്ങൾ ഗൂഗിൾ മീറ്റിംഗ് വഴി ചേരണം. ബി.ആർ.സി പ്രതിനിധി യോഗത്തിൽ പങ്കെടുക്കണം.
- ചിത്രരചനകൾ കുട്ടികളിൽ നിന്നും ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തണം.
- കുട്ടികൾക്ക് ആവശ്യമായ നിർദ്ദേശവും സഹായവും ലഭ്യമാക്കണം.
- ഓരോ ക്ലാസിൽ നിന്നും തെരഞ്ഞെടുത്ത രചനകൾ തെരഞ്ഞെടുത്ത് സ്കൂൾ ഗ്രൂപ്പിൽ അപ്‌ലോഡ് ചെയ്യണം.
- സ്കൂളുകളിൽ നിന്നും മികച്ച ചിത്രരചനകൾ തെരഞ്ഞെടുക്കണം.
- സ്കൂൾതലത്തിൽ വിലയിരുത്തൽ കമ്മിറ്റി രൂപീകരിച്ചു വേണം തെരഞ്ഞെടുപ്പ്.
- സ്കൂളുകളിൽ നിന്നും തെരഞ്ഞെടുക്കുന്ന മികച്ച ചിത്രരചനകൾ ബി.ആർ. സി.കളിലേക്ക് അയച്ചുകൊടുക്കണം.
- മൊബൈൽ ഫോൺ ഉപയോഗിച്ച് രചനകൾ അയയ്ക്കാൻ കഴിയാത്ത കുട്ടികൾക്ക് ആവശ്യമായ സഹായം എത്തിക്കണം.
- തന്റെ വിദ്യാലയത്തിൽ നേർക്കാഴ്ച ചിത്രരചന പ്രവർത്തനങ്ങൾ നടക്കുന്നു എന്ന് പ്രഥമാധ്യാപകർ ഉറപ്പു വരുത്തണം.
- ബി.ആർ.സി.തല വിലയിരുത്തൽ സമിതി രൂപീകരിച്ച് സ്കൂൾതലത്തിൽ മികച്ച ചിത്രരചനകൾ തെരഞ്ഞെടുത്ത് എസ്.എസ്.കെ ജില്ലാ പ്രോജക്ട് ഓഫീസിനു കൈമാറണം. ബി.ആർ.സി.തല വിലയിരുത്തൽ സമിതിയിൽ ബി.പി.സി, എ.ഇ.ഒ, ഡയറ്റ് ഫാക്കൽറ്റി, വിദഗ്ധർ എന്നിവർ അംഗങ്ങളായിരിക്കും.
- എല്ലാ രചനകളും ചേർത്ത് പോസ്റ്റർ തയ്യാറാക്കി പിന്നീട് സ്കൂൾ/പഞ്ചായത്ത് /ബി. ആർ.സിതലത്തിൽ ഇത്തരം രചനകളുടെ പ്രദർശനങ്ങൾ ഒരുക്കണം.
- കോവിഡ് കാലത്തെ ഇടപെടലിന്റെയും ഓർമകളുടെയും നേർസാക്ഷ്യമായി ഇതു മാറണം.

- ബി.ആർ.സി.കളിൽ നിന്നും തെരഞ്ഞെടുത്ത ചിത്രരചനകൾ ജില്ലയിൽ വിലയിരുത്തലിനു വിധേയമായി സംസ്ഥാന ഓഫീസിനു കൈമാറണം.
- ജില്ലാതല വിലയിരുത്തൽ സമിതിയിൽ ഡി.ഡി.ഇ., ആർ.ഡി.ഡി (എച്ച്.എസ്.എസ്), എ.ഡി (വി.എച്ച്.എസ്.ഇ), ഡയറ്റ് പ്രിൻസിപ്പൽ, ഡി.പി.സി, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ജില്ലാ കോർഡിനേറ്റർ, കൈറ്റ് ജില്ലാ കോർഡിനേറ്റർ, വിദഗ്ധർ എന്നിവർ അംഗങ്ങളായിരിക്കും.
- സംസ്ഥാനതലത്തിൽ തെരഞ്ഞെടുക്കുന്ന രചനകൾ സ്കൂൾ വിക്കിയിൽ പങ്കുവയ്ക്കാവുന്നതാണ്.
- മികച്ച ചിത്രരചനകൾക്ക് സ്കൂൾതല/ പഞ്ചായത്തുതല/ ബി.ആർ.സി തല/ ജില്ലാതല/ സംസ്ഥാനതല സമ്മാനങ്ങൾ നൽകുന്നതാണ്.

സി.എ. സന്തോഷ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്:-

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ആർ.ഡി.ഡി. മാർക്കും (എച്ച്.എസ്.എസ്. വിഭാഗം),
3) എല്ലാ എ.ഡി. മാർക്കും (വി.എച്ച്.എസ്.ഇ. വിഭാഗം)
4) എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
5) എല്ലാ എസ്.എസ്.കെ. ജില്ലാ പ്രോജക്ട് ഓഫീസർമാർക്കും
6) എല്ലാ കൈറ്റ് ജില്ലാ കോർഡിനേറ്റർമാർക്കും.
7) എല്ലാ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോർഡിനേറ്റർമാർക്കും.
8) എല്ലാ ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും.
9) എല്ലാ പ്രിൻസിപ്പാൾ/പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തിരം).

പകർപ്പ് :-

1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം.
2) ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്.
3) ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
4) സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്രശിക്ഷാ കേരള.